PARISH News

MONTHLY NEWS BULLETIN OF ST. MARY'S ORTHODOX CATHEDRAL, ERNAKULAM

VOL : 4 ● ISSUE : 11 NOVEMBER 2010

## എഡിറ്റോറിയൽ

# അവസരവും സമയവും

പലപ്പോഴും അവസരം, സമയം ഈ വാക്കുകൾ പരസ്പരം പുരകങ്ങളാണ്. അവസരം കിട്ടുമ്പോൾ അത് ശരിയായി വിനിയോഗിക്കുവാനുള്ള കഴിവാണ് വിജയരഹസ്യം.

ഒരിക്കൽ ഒരു ശിൽപി തന്റെ ശിൽപങ്ങൾ കാണുവാൻ വന്ന ഒരാളെ തന്റെ പണിശാല കാണിക്കുകയായിരുന്നു. അവിടെ പണിതീരാറായ ഒരു ശില്പം വളരെ പ്രത്യേകത നിറഞ്ഞതായി സന്ദർശകനു തോന്നി. ആ ശില്പത്തിന്റെ മുഖം തലമുടികൊണ്ട് മറയ്ക്കപ്പെട്ടതുപോലെയും, കാലുകളുടെ സ്ഥാനത്ത് ചിറകുകളുമായിരുന്നു. സന്ദർശകൻ അതിനെക്കുറിച്ച് ശില്പിയോട് അതിന്റെ പേരെന്താണ് എന്നു ചോദിച്ചു. ശില്പിയുടെ ഉത്തരം 'അവസരം' എന്നായിരുന്നു. അതിന്റെ മുഖം മറച്ചുവച്ചിരിക്കുന്നതെന്തിനാണെന്നായിരുന്നു അടുത്ത ചോദ്യം. അവസരം വരുമ്പോൾ പലപ്പോഴും നാം അതു മനസ്സിലാക്കാത്തതുകൊണ്ടാണ് മുഖം മറയ്ക്കപ്പെട്ടിരിക്കുന്നത്. പിന്നീട് സന്ദർശകൻ അതിന്റെ കാലിന്റെ സ്ഥാനത്തെ ചിറകുകളെപ്പറ്റി ചോദിച്ചു. 'അവസരം പെട്ടെന്നു കടന്നുകളയും. ഒരിക്കൽ നഷ്ടപ്പെട്ടാൽ തിരിച്ചു കിട്ടുകയുമില്ല' എന്നായിരുന്നു ശില്പിയുടെ മറുപടി.

സമയം അല്ലെങ്കിൽ അവസരം പെട്ടെന്നു കടന്നുപോകുന്നതായതുകൊണ്ട് അതു ശരിക്കുപയോഗിക്കണമെന്നാണ് അപ്പോസ്തലനായ പൗലോസ് പറയുന്നത്. എ.ജി. ഹോഗ് എന്ന സുവിശേഷകൻ പറഞ്ഞിരിക്കുന്നത് ശ്രദ്ധിക്കുക. ഈ ദിവസം ദൈവത്തിന്റെ ഏറ്റവും ഒടുവിലത്തെ ദാനമാണ്. അതെങ്ങനെ ഉപയോഗിക്കണമെന്ന് നീ കണക്കുബോധിപ്പിക്കേണ്ടയാളാണ്. ദൈവത്തിനുവേണ്ടി കാത്തിരിക്കുകയും, മുന്നിൽ വരാൻ പോകുന്ന അനുഭവങ്ങൾക്കായി നിന്നെത്തന്നെ ഒരുക്കാൻ അവനെ അനുവദിക്കയും ചെയ്യാതെ ഈ ദിവസത്തിലേക്കു പ്രവേശിപ്പാൻ എങ്ങനെ നീ ധൈര്യപ്പെടും? നീ നിന്റെ സ്വന്തമല്ല. പുതിയ കാര്യങ്ങളിൽ ഇടപെടാൻ പോകുന്നവർക്ക് എത്ര നല്ല മാർഗ്ഗ നിർദ്ദേശമാണിത്.

നമ്മുടെ ആരാധനകൾ വെറും പ്രഹസനമായി മാറാതെ, നമുക്ക് വാഗ്ദത്തം ചെയ്യപ്പെട്ടിരിക്കുന്ന ദൈവരാജ്യാനുഭവത്തിന് അവകാശികളാകുവാൻ തക്കവണ്ണമുള്ള ഒരുക്കവും, ശിക്ഷണവും നമുക്കുണ്ടാകണം.

പ്രസിദ്ധഗ്രന്ഥകാരനും, പ്രഭാഷകനുമായ ജോൺ റസ്കിൻ തനിക്ക് 14 വയസ്സുള്ളപ്പോഴാണ് ജീവിതത്തിലെ ഏറ്റവും വലിയ പാഠം പഠിച്ചതെന്നു പറയുന്നു. അദ്ദേഹം പിയാനോ പരിശീലിച്ചിരുന്നു. ഏകദേശം ഒരുമണിക്കൂർ തുടർച്ചയായി ഓരോ ദിവസവും. ഇതറിഞ്ഞ അദ്ദേഹത്തിന്റെ അദ്ധ്യാപകൻ അദ്ദേഹത്തോട് പറഞ്ഞുകൊടുത്തത് അങ്ങനെ ചെയ്യരുത്. നീ പ്രായമാകുമ്പോൾ അത്രയും സമയം ഒന്നിച്ചെടുക്കാൻ കഴിഞ്ഞെന്നുവരില്ല. അതുകൊണ്ട് സമയംകിട്ടുമ്പോഴെല്ലാം ഏതാനും മിനിട്ടുകൾ വീതം പ്രാക്ടീസ് ചെയ്യുക എന്നായിരുന്നു. ജീവിതത്തിൽ ഇതു വലിയൊരു പാഠമായി കണ്ട ജോൺ റസ്കിൻ അദ്ദേഹത്തിന്റെ അതി പ്രശസ്തമായ ഗ്രന്ഥം എഴുതിയത് വീട്ടിൽ നിന്ന് യൂണിവേഴ്സിറ്റിയിലേക്കും തിരിച്ചുമുള്ള യാത്രാവേളയിലായിരുന്നു.

സമയം വിലയേറിയ ദാനമാണ്. ഓരോ നിമിഷവും സ്വയം വളർച്ചയ്ക്കോ, സ്വയം നിയന്ത്രണത്തിനോ, പ്രാർത്ഥനയ്ക്കോ, കാരുണ്യപ്രവർത്തനങ്ങൾക്കോ ഒക്കെ ഉപയോഗിക്കുവാനുള്ളതാണ്. അതിനെ വൃഥാ കടന്നുപോകുവാൻ അനുവദിക്കരുത്. ഓരോ മിനിട്ടും, ഓരോ മണിക്കൂറും നമ്മുടെ മുദ്രവഹിച്ചുകൊണ്ടുവേണം കടന്നുപോകുവാൻ. നാമറിയാതെ ഒരു മിനിട്ടുപോലും കടന്നുപോകുവാൻ അനുവദിക്കരുത്.

ആകയാൽ സൂക്ഷ്മത്തോടെ അജ്ഞാനികളായിട്ടല്ല, ജ്ഞാനികളായിട്ടത്രേ നടപ്പാൻ നോക്കുവിൻ.. സമയം തക്കത്തിൽ ഉപയോഗിച്ചുകൊൾവിൻ (എഫെ: 5:15, 16). ■

# RAREST OF RARE

**Dr. Yakob Mar Irenaios Metropolitan**



November is wafted with the memory of St. Gregorios of Parumala, who lets himself go before the purposes of God.

Asceticism does not have a long history in the Malankara Church, although, there were genuine ascetics in the Church through the centuries. This has to be understood in the background of the long monastic and ascetic tradition in India from very early times. Hence opting for the life of renunciation was not new in the Indian polity. It seems St. Gregorios of Parumala was influenced by the rich monastic tradition of the Christian Church, especially in the Eastern Church; and the ascetic air in the Indian Subcontinent. In many ways, there is seen a synthesis of the ascetic discipline of the Desert Fathers, The renoned monks of the Syrian tradition, and the ascetic fervour of Hindu and Jain monks, in the person of Mar Gregorios.

Systematic studies of the basic ascetic orientations of this mystic saint has not been attempted so far; he has had a wide variety of mystical experiences and mystical states during his strictly lived life of renunciation. At the same time, he got involved in the life and administration of the Church much in the style and fervour of St. Basil the Cappadocian Father. However his "immersion" in the activities of the Church never for once diminish or limit his ascetic schedule or Tapass. On the otherhand he was coming closer and closer to His Lord as he advanced in life and experience.

St. Gregorios has left for us the real spirit and legacy of the Church - the life of renunciation and service for the people. He was not to stay in a cave throughout and meditate; but he was active and duty bound in his Church responsibilities. The five score and four years of dedicated life was "spent" in devotions and selfless service for all. The educational and "nation building" endeavours initiated by the saint are amazing, given the limited resources and facilities of his day. This is very similar to the initiatives made by St. Basil for community welfare and renaissance of the Church.

This legacy shall be caught by the Malankara Church today, for its rejuvenation and fulfilling its God-given mission in this country. The Church needs to keep the spirit of renunciation and "Tapass" through its 'elect' and prove to be "poor is spirit". At the same time, she has to be aware of the social realities and exigencies; and come to stand by the poor, and be their champion.

St. Gregorios has shwn to us that a Church devoid of and not interested in the ascetic orientation is dry and will be fruitless, and that holiness is at the heart of the Christian life and witness. Whatever is accomplished by way of social work and material growth shall be rendered meaningless, unless replenished by the fresh streams of holiness and service.

St Gregorios is the living beacon light for us all, lighting our lives, showing the way and leading us forward. This Church shall accomplish spiritual rejuvenation and new life by unearthing the "pearls" from the saga of dedication and holiness that is St. Gregorios!

May his prayers be with us! ■

## വികാരിയുടെ കത്ത്



# ക്രൈസ്തവ ആദ്ധ്യാത്മികത

ഫാ. പി. ഐ. വർഗ്ഗീസ്

ആത്മീയതസംബന്ധിച്ച് വ്യത്യസ്തമായ ധാരണകൾ വച്ചു പുലർത്തുന്ന ഒരു സമൂഹമാണ് നമ്മുടേത്. എന്താണ് ആത്മീയതയെന്ന് ചോദിച്ചാൽ പലർക്കും പല ഉത്തരങ്ങളാണ് നൽകാനുള്ളത്. ആന്തരികമായി പ്രാപിക്കുന്ന അനുഭൂതികളെ ആത്മീയതയായി ചിലർ കാണുമ്പോൾ ഭൗതികതയുടെ നീരാളിപ്പിടിത്തത്തിൽ അകപ്പെടാതെ തീവ്രമായ ആരാധനാനുഷ്ഠാനങ്ങളിൽ ആമഗ്നമായി കഴിയുന്നതിനെ ആത്മീയതയായി കാണുന്നവരുമുണ്ട്. ഭൗതികവും ആത്മീകവും, ശരീരവും ആത്മാവും – ഈ വിധ വേർതിരിവുകൾ ആത്മീക ചിന്തകളിൽ ഇന്നും എന്നും ശക്തമാണ്. അതുകൊണ്ടാണ് ജീവിതത്തിന്റെ ചില മേഖലകൾ ആത്മീകമെന്നും മറ്റു ചിലത് ഭൗതികമെന്നും വേർതിരിക്കുന്നതു തന്നെ. അടിസ്ഥാന മാനുഷിക മൂല്യങ്ങൾപോലും മറന്ന് തനി ആത്മീകരായി ജീവിക്കുവാൻ ശ്രമിക്കുന്നവർ നമ്മുടെ ഇടയിലുണ്ട്. ആത്മീകതയുടെ പേരിൽ ഭവനത്തിനുള്ളിൽ തന്നെ വിഭിന്നങ്ങളായ ഭക്തിരൂപങ്ങൾ വച്ചുപുലർത്തുന്നവരും ഇല്ലാതില്ല. അർത്ഥസമ്പൂർണ്ണമായ ആത്മീയതയെക്കുറിച്ചുള്ള അജ്ഞതയാണ് ഈവിധ നിലപാടുകൾക്ക് കാരണം. വേദപുസ്തകം നമ്മുടെ മുന്നിൽ വയ്ക്കുന്ന ആത്മീക ദർശനത്തെ സ്വാംശീകരിക്കുവാനുള്ള മനസ്സൊരുക്കമാണ് ഏറ്റം അനിവാര്യമായിട്ടുള്ളത്.

## ദൈവിക ഭൗതിക ബന്ധം

ഉൽപത്തി പുസ്തകത്തിൽ നാം വായിക്കുന്നത് യഹോവയായ ദൈവം പൊടികൊണ്ട് മനുഷ്യനെ നിർമ്മിച്ചിട്ട് അവന്റെ മൂക്കിൽ ജീവശ്വാസം ഊതി. മനുഷ്യൻ ജീവനുള്ള ദേഹിയായി തീർന്നു എന്നാണ് (ഉല്പ 2:7). മനുഷ്യന്റെ ആളത്വത്തിൽ അന്തർലീനമായിരിക്കുന്ന അവസ്ഥകളാണ് ഇവിടെ വ്യക്തമാക്കുന്നത്. 1) സ്വന്തം കൈകൊണ്ട് ദൈവം മനുഷ്യനെ മെനഞ്ഞ് മൂക്കിൽ സ്വന്തം ജീവശ്വാസം പകർന്നതിലൂടെ ദൈവികഭാവം മനുഷ്യനിൽ അവിഭാജ്യമായി ചേർന്നിരിക്കുന്നു. 2) പൊടിയിൽ നിന്ന് മനുഷ്യനെ സൃഷ്ടിച്ചതിലൂടെ വേർതിരിക്കാനാവാത്ത ഭൗതികബന്ധവും മനുഷ്യന് കൈവന്നിരിക്കുന്നു. ഈ ദൈവിക-ഭൗതിക ബന്ധത്തിനുള്ളിൽ ജീവിക്കാനുള്ള നിയോഗമാണ് മനുഷ്യനുള്ളത്. ദൈവത്തെ നിരസിച്ച് ഭൗതികതയുടെ പിന്നാലെ പോകാനോ ഭൗതികതയെ തള്ളി ദൈവത്തെ പ്രാപിക്കുവാനോ മനുഷ്യന് സാദ്ധ്യമല്ല. സമൂഹത്തിൽ നിന്ന് മാറി നിന്നുകൊണ്ടുള്ള തനി ആത്മീയത എന്നൊന്നില്ല. മനുഷ്യരോടുള്ള ബന്ധത്തിലും ദൈവത്തോടുള്ള സംസർഗ്ഗത്തിലുമാണ് ആത്മീയത പ്രസക്തമാകുന്നത്.

## ശരീരാത്മ ദേഹികളുടെ ഐക്യം

മനുഷ്യശരീരം നിലത്തെ പൊടിയിൽ നിന്നുണ്ടാക്കിയ ശേഷം ദൈവം മനുഷ്യന്റെ ആത്മാവിനെ പുതുതായി സൃഷ്ടിച്ച് ശരീരത്തിലാക്കിയതല്ല. പകരം ശരീരവും ആത്മാവും ഒന്നായി നില്ക്കുന്ന മനുഷ്യ ആളത്വമായാണ് സൃഷ്ടിക്കപ്പെട്ടിരിക്കുന്നത്. മനുഷ്യന്റെ വീഴ്ചയിലും വീണ്ടെടുപ്പിലുമെല്ലാം അവന്റെ ശരീരാത്മദേഹികൾ ഉൾപ്പെട്ടിരിക്കുന്നു. മനുഷ്യന് ദൈവം പ്രദാനം ചെയ്യുന്ന നിത്യത ശരീരമില്ലാത്ത ആത്മാവിന്റെ അനന്തമായ ജീവിതമല്ല, പ്രത്യുത ശരീരാത്മ ദേഹികളുടെ സംയോജിത മനുഷ്യ ആളത്വത്തിന്റെ രക്ഷയും വീണ്ടെടുപ്പുമാണ്. ഭൗതികലോകത്ത് നമ്മുടെ പ്രവൃത്തികൾ എങ്ങനെ ഇരുന്നാലും ആത്മാവിന്റെ രക്ഷയാണ് പ്രധാനം എന്ന ചിന്തയുള്ളവർ മനസ്സിലാക്കേണ്ടത്, ശരീരവും ആത്മാവും വേർതിരിഞ്ഞു നിൽക്കുന്നുവെന്ന ധാരണ ക്രിസ്തീയ ആത്മീയതയ്ക്ക് നിരക്കുന്നതല്ല എന്നാണ്. നിങ്ങൾ ബുദ്ധിയുള്ള ആരാധനയായി നിങ്ങളുടെ ശരീരങ്ങളെ ജീവനും വിശുദ്ധിയും ദൈവത്തിന് പ്രസാദവുമുള്ള യാഗമായി അർപ്പിപ്പിൻ. ഈ ലോകത്തിന് അനുരൂപമാകാതെ നന്മയും പ്രസാദവും പൂർണ്ണതയുമുള്ള ദൈവഹിതം ഇന്നതെന്ന് തിരിച്ചറിയേണ്ടതിന് മനസ്സു പുതുക്കി രൂപാന്തരപ്പെടുവിൻ (റോമ 12:12).

## ക്രൈസ്തവ ആത്മീക ഭാവം

ആത്മീയത ലോകത്തിൽ ജീവിച്ച് വെളിപ്പെടുത്താനുള്ളതാണ് എന്ന് യേശു തന്റെ ജീവതത്തിലൂടെ നമുക്ക് കാണിച്ചുതരുന്നു. ക്രൈസ്തവ ആദ്ധ്യാത്മികതയ്ക്ക് രണ്ടു ഭാവങ്ങൾ ഉണ്ടെന്നാണ് ജർമ്മൻ വേദശാസ്ത്രജ്ഞനായ ബോൺഹോഫർ പറയുന്നത്. 1) വിശുദ്ധ ലൗകികത്വം (Holy worldliness) 2) രഹസ്യ അച്ചടക്കം (Secret discipline). ദൈവയിഷ്ടത്തിന് സ്വന്ത ജീവിതത്തെ പരിപൂർണ്ണമായി സമർപ്പിക്കുന്നതിനെയാണ് വിശുദ്ധ ലൗകികത്വം എന്നു പറയുന്നത്. എന്നോടുകൂടെ കഷ്ടത അനുഭവിക്കുവാൻ നിങ്ങൾ തയ്യാറാണോ എന്ന ചോദ്യത്തിന്റെ പ്രത്യുത്തരമാണ് അതിലടങ്ങിയിരിക്കുന്നത്. വിശുദ്ധ ലൗകികത്വം ജീവിത ശൈലിയാക്കുവാൻ സാധിക്കുന്നത് രഹസ്യ അച്ചടക്കത്തിലൂടെയാണ്. പ്രാത്ഥന, ദൈവവചനം പഠിക്കൽ, വി. കൂദാശകളിലുള്ള സംസ്സർഗ്ഗം, പാപമോചനം ലഭിച്ചു എന്ന ഉൾബോദ്ധ്യം, സഭയോടുള്ള കൂട്ടായ്മ തുടങ്ങിയവയെല്ലാം രഹസ്യ അച്ചടക്കത്തിന്റെ ഘടകങ്ങളാണ്. വിശുദ്ധ ലൗകികത്വവും രഹസ്യ അച്ചടക്കവും കൂടിച്ചേർന്നതാണ് അർത്ഥവത്തായ ആദ്ധ്യാത്മികത. യേശു പറയുന്നുണ്ട് "നിങ്ങളുടെ വെളിച്ചം അവരുടെ (മനുഷ്യരുടെ) മുമ്പിൽ പ്രകാശിക്കട്ടെ"(മത്തായി 5:16). മറ്റൊരിടത്ത് യേശു ആവശ്യപ്പെടുന്നു. നീയോ പ്രാർത്ഥിക്കുമ്പോൾ അറയിൽ കടന്ന് രഹസ്യത്തിലുള്ള നിന്റെ പിതാവിനോട് പ്രാർത്ഥിക്കുക. (മത്തായി 6.6). പുറത്തുപോയി പ്രകാശിക്കണം. അകത്തു വന്ന് ദൈവസംസർഗ്ഗത്തിൽ ഇരിക്കണം. ക്രൈസ്തവ ആദ്ധ്യാത്മികതയുടെ സ്ഥായീഭാവവും ഇതുതന്നെ. അതായത് സമൂഹത്തിൽ നിന്നും പിന്മാറി തനി ആത്മീയത എന്നൊന്നില്ല. മനുഷ്യരുമായുള്ള ബന്ധത്തിലും ദൈവവുമായുള്ള സംസർഗ്ഗത്തിലുമാണ് ആത്മീയത പ്രസക്തമാകുന്നത്. ക്രൈസ്തവ ആദ്ധ്യാത്മികത പ്രത്യേകിച്ചും. ■

കത്തീഡ്രൽ ഇടവകയുടെ ആദ്യഫല പെരുന്നാളും വില്പന മേളയും 2010 ഒക്ടോബർ 10-ാം തീയതി നടന്നു. സുൽത്താൻബത്തേരി ഭദ്രാസനാധിപൻ അഭി. ഏബ്രഹാം മാർ എപ്പിഫാനിയോസ് മെത്രാപ്പോലീത്താ വിശുദ്ധ കുർബ്ബാന അർപ്പിച്ചു. തുടർന്ന് ആദ്യഫല മേള ആരംഭിച്ചു. മുൻകാലങ്ങളിലേക്കാളും ഗംഭീരമായി എല്ലാം നടന്നു. ഇടവകയിൽ മുൻകാലങ്ങളിൽ സേവനം അനുഷ്ഠിച്ച ബഹു. വൈദികരും സമീപ ഇടവകകളിലെ ബഹു. വൈദികരും സംബന്ധിച്ചു. എല്ലാം ഭംഗിയായി നടക്കുവാൻ സഹകരിച്ച വ്യാപാരി സുഹൃത്തുക്കളോടും ഇടവകാംഗങ്ങളോടുമുള്ള നന്ദി അറിയിച്ചുകൊള്ളുന്നു.

## വാർഷിക സെയിൽ 2010









# പൗരസ്ത്യ കാതോലിക്കായും മലങ്കരമെത്രാപ്പോലീത്തായുമായ പ: ബസ്സേലിയോസ് മാർത്തോമ്മ പൗലൂസ് ദ്വിദീയൻ ബാവ ഒരനുസ്മരണം.

**ഫാ. ഒ. വി. ഏലിയാസ്**

ജനനം : കുന്നംകുളം മങ്ങാട് കൊള്ളന്നൂർ ഐപ്-കുഞ്ഞീറ്റി ദമ്പതികളുടെ ദ്വീതീയ പുത്രനായി പോൾ ജനിച്ചു. വിദ്യാർത്ഥി പ്രസ്ഥാനത്തോട് ചെറുപ്പംമുതലുള്ള പോളിന്റെ ബന്ധം, വൈദിക വിദ്യാഭ്യാസത്തെതുടർന്ന് വിദ്യാർത്ഥി പ്രസ്ഥാനത്തിന്റെ സജീവപ്രവർത്തനത്തിൽ മുൻനിരക്കാരിലൊരാളാകാൻ ഇടയാക്കി.

**എറണാകുളം സെന്റ് മേരീസ് ഓർത്തഡോക്സ് പള്ളിയിൽ:** 1-7-1976ൽ ആണ് പോളച്ചൻ എറണാകുളം പള്ളിയിൽ നിയമിതനാകുന്നത് - വികാരിയായിരുന്ന എനിക്കും ഇടവകക്കാർക്കും അന്നുമുതലാണ് പോളച്ചനെ അടുത്തറിയാൻ സാധിച്ചത്. ഏഴു വർഷത്തോളം നീണ്ട അദ്ദേഹത്തിന്റെ ഇടവക പ്രവർത്തനം എല്ലാവരുടെയും സ്നേഹാദരവുകൾ ആർജ്ജിക്കുന്നതിന് കാരണമായിത്തീർന്നു. മുഴുവൻ സമയവും ഇടവകപ്രവർത്തനത്തിൽ ഇടപഴകുവാൻ അദ്ദേഹത്തിന് സാധിച്ചതും ഇവിടെ മാത്രം. എറണാകുളം പള്ളിയിൽ പ്രവർത്തിച്ചുവരവേയാണ് 28-12-1982ൽ അദ്ദേഹം മേൽപട്ടസ്ഥാനത്തേക്ക് തിരഞ്ഞെടുക്കപ്പെടുന്നത്. മേൽപട്ടസ്ഥാനത്തേക്ക് പരിഗണിക്കപ്പെടുന്നതിൽ അദ്ദേഹത്തിന്റെ ഇടവകപ്രവർത്തനം മുഖ്യപങ്കുവഹിച്ചിട്ടുണ്ട്. വലിപ്പച്ചെറുപ്പവ്യത്യാസമെന്യേ എല്ലാവരോടും സ്നേഹമായും സൗമ്യമായും പുഞ്ചിരിയോടുംകൂടി ഇടപെടാനുള്ള കഴിവും, നിഷ്കളങ്കവും ആത്മാർത്ഥത നിറഞ്ഞതുമായ തുറന്ന സംസാരവും അദ്ദേഹത്തിന്റെ പ്രത്യേകതയാണ്. ദൈവം ഒഴികെ മറ്റാരും അറിയണമെന്നാഗ്രഹിക്കാത്ത രഹസ്യപ്രാർത്ഥനാനുഭവവും, ദൈവസന്നിധിയിലുള്ള വിനയഭാവവും, നോമ്പ്, പ്രാർത്ഥന, ഉപവാസം തുടങ്ങിയ സഭയുടെ വിശ്വാസാചാരാനുഷ്ഠാനങ്ങളിലുള്ള തീക്ഷ്ണതയും പ്രതിസന്ധികളെ തരണം ചെയ്യുവാൻ തന്റെ പ്രവർത്തനരംഗങ്ങളിൽ അദ്ദേഹത്തിന് സഹായകരമായിരുന്നിട്ടുണ്ട്. തുടർന്നും ആവശ്യമായിരിക്കുന്നതും അതുതന്നെ.



**പൗലൂസ് മാർ മിലിത്തിയോസ് തിരുമേനിയും എറണാകുളം പള്ളിയും:** മേല്പട്ടസ്ഥാനത്തേയ്ക്കുള്ള തിരഞ്ഞെടുപ്പിനെത്തുടർന്ന് 14-5-1983 ൽ റമ്പാനായി. 29-5-83 ൽ ഇടവക തലത്തിൽ പോളച്ചന് (പൗലൂസ് റമ്പാൻ) നല്കിയ യാത്രയയപ്പു സമ്മേളനത്തിൽ അഭിവന്ദ്യ യൂഹാനോൻ മാർ സേവേറിയോസ് തിരുമേനി അദ്ധ്യക്ഷത വഹിച്ചു. അഭിവന്ദ്യ ജോസഫ് മാർ പക്കോമിയോസ് തിരുമേനിയും ഇടവക പ്രതിനിധികളും ആശംസകൾ നേർന്ന് പ്രസംഗിച്ചു. 15-5-1985 ൽ പൗലൂസ് മാർ മിലിത്തിയോസ് എന്ന പേരിൽ എപ്പിസ്കോപ്പയായി വാഴിക്കപ്പെട്ട അഭിവന്ദ്യ തിരുമേനിക്ക് ഇടവകതലത്തിൽ ഒരു സ്വീകരണം നൽകി. അഭിവന്ദ്യരായ യൂഹാനോൻ മാർ സേവേറിയോസ്, ജോസഫ് മാർ പക്കോമിയോസ്, യാക്കൂബാ മാർ പോളി കാർപ്പോസ് (മൂവരും ദിവംഗതർ) എന്നീ തിരുമേനിമാരും ബ. ജസ്റ്റിസ് കെ. ജോൺ മാത്യൂവും ആശംസ അർപ്പിച്ച് പ്രസംഗിച്ചു. 22-12-1985ൽ ഇടവകയിൽ ക്രിസ്തുമസ്സ് കരോളിനോടനുബന്ധിച്ച് നടത്തിയ സമ്മേളനത്തിൽ, തിരുമേനി അച്ചനായിരിക്കെ ഇടവകയ്ക്ക് നൽകിയ സ്തുത്യർഹമായ സേവനങ്ങളെ പരിഗണിച്ചും ഇടവകയ്ക്കും അദ്ദേഹത്തോടുള്ള സ്നേഹാദരവുകളുടെ സൂചകമായും ഇടവക അദ്ദേഹത്തിന് സമ്മാനമായി നൽകിയ പുതിയ അംബാസിഡർ കാറിന്റെ കീ വികാരി ഫാ. ഒ.വി. ഏലിയാസ് വന്ദ്യതിരുമേനിയെ ഏൽപ്പിച്ചു.

എപ്പിസ്കോപ്പയായി വാഴിക്കപ്പെട്ടതിനെത്തുടർന്ന് കുന്നംകുളം ഭദ്രാസനത്തിന്റെ ചുമതലക്കാരനായി നിയോഗിക്കപ്പെട്ട തിരുമേനിയെ 25-10-1991 ൽ മെത്രാപ്പോലീത്തയായി ഉയർത്തി. കൊച്ചി ഭദ്രാസന മെത്രാപ്പോലീത്ത അഭിവന്ദ്യ യൂഹാനോൻ മാർ സേവേറിയോസ് തിരുമേനി കാലംചെയ്തതിനെത്തുടർന്ന് പ. ബാവാതിരുമേനിയ്ക്കുവേണ്ടി കൊച്ചി ഭദ്രാസനത്തിന്റെ ചുമതല മിലിത്തിയോസ് തിരുമേനിയെ ഏൽപ്പിച്ചു. ആ കാലഘട്ടത്തിലാണ് എറണാകുളം പള്ളിയുടെ പൊതു യോഗ നിശ്ചയപ്രകാരം പാലാരിവട്ടം സെന്റ് ജോർജ്ജ് ചാപ്പൽ ഇടവകയായി ഉയർത്തിയത്.

2006 ഒക്ടോബർ 12-ാം തീയതി പരുമലയിൽ ചേർന്ന മലങ്കര സുറിയാനി ക്രിസ്ത്യാനി അസ്സോസിയേഷൻ മിലിത്തിയോസ് തിരുമേനിയെ നിയുക്ത കാതോലിക്കയായി തിരഞ്ഞെടുത്തു. തുടർന്ന് തിരുമേനി പ: ബാവയുടെ പിൻഗാമിയും സഹായിയുമായി പ്രവർത്തിക്കുവാൻ ഇടവന്നു.

നവംബർ 29ന് തൊണ്ണൂറു വയസ്സ് പൂർത്തിയാക്കിയ പ:ദിദിമോസ് പ്രഥമൻ ബാവാ തന്റെ നവതി ആഘോഷത്തെത്തുടർന്ന് സ്ഥാനത്യാഗം ചെയ്യുവാനുള്ള ആഗ്രഹം പ. സുന്നഹദോസിനെ അറിയിച്ചു. അതനുസരിച്ചാണ് ശ്രേഷ്ഠ നിയുക്തബാവ അഭിവന്ദ്യ പൗലൂസ് മാർ മിലിത്തിയോസ് തിരുമേനിയെ പുതിയ കാതോലിക്കയും മലങ്കര മെത്രാപ്പോലീത്തായുമായി വാഴിക്കുവാൻ തീരുമാനിച്ചതും.

നവംബർ ഒന്നിന് സ്ഥാനാരോഹണ ശുശ്രൂഷ നിർവ്വഹിച്ചതും, വലിയ ബാവായുടെ നവതി ആഘോഷത്തെ തുടർന്നാണ് ഈ സ്ഥാനാരോഹണമെന്നതും, മലങ്കരയുടെ പുതിയ മഹായിടയൻ പ:ബസ്സേലിയോസ് മാർത്തോമ്മ പൗലൂസ് ദ്വിതീയൻ സ്ഥാനമേറ്റത് കേരള പിറവിയുടെ വാർഷിക ദിനത്തിലെന്നതും മറ്റൊരു പ്രത്യേകതയാണ്. പുതിയ ബാവായ്ക്ക് പുതിയ ദർശനത്തോടെ ദീർഘനാൾ സഭയെ നയിക്കുവാനുള്ള ഒരു നിമിത്തമായും ഇതിനെ കാണാം.

സ്ഥാനാരോഹണത്തെ തുടർന്നുള്ള തന്റെ പ്രസംഗത്തിൽ പൗലൂസ് ദ്വിതീയൻ ബാവാ പ്രാർത്ഥിക്കുന്നു. "കുന്നംകുളം മങ്ങാട് ഗ്രാമത്തിൽ ഒരു സാധാനരണ കുടുംബത്തിൽ ജനിച്ച ബലഹീനനായ എന്നെ ഈ വലിയ ദൗത്യത്തിലേക്ക് വിളിക്കുമ്പോൾ ദൈവത്തിൽ ഞാൻ എല്ലാം അർപ്പിക്കുകയാണ്. പച്ചയായ പുൽപുറങ്ങളിലേക്ക് അജഗണങ്ങളെ നയിക്കാൻ മൺകൂടാരമായ എന്നെ യോഗ്യനാക്കണമേ എന്നാണ് എന്റെ പ്രാർത്ഥന".

"പുതിയ ബാവായുടെ നേതൃത്വത്തിൽ സഭാഭരണം ഏറ്റവും അനുഗ്രഹപ്രദമായി തീരാനും ദൈവത്തിന് പ്രീതികരമായിത്തീരാനും വാഴ്‌വും അനുഗ്രഹവും ഞാൻ നേരുകയാണ്"എന്ന വലിയ ബാവായുടെ പ്രാർത്ഥനയും ആശംസയും "എന്നെ ഒരു മകനെപ്പോലെ കരുതുകയും ഹൃദയത്തോട് ചേർത്തു നിർത്തി ഉപദേശിക്കുകയും ചെയ്ത പിതാവേ അങ്ങ് ആയിരം സൂര്യശോഭയോടെ ഞങ്ങളുടെ വലിയ ബാവായായി ഞങ്ങൾക്കൊപ്പം ഉണ്ടാകണമെന്ന് ഞാൻ പ്രാർത്ഥിക്കുകയാണ്" എന്ന പുതിയ ബാവായുടെ ആഗ്രഹവും പ്രാർത്ഥനയും സഫലമായിത്തീരട്ടെ. എറണാകുളം പള്ളിയിൽ ശുശ്രൂഷ അനുഷ്ഠിച്ചുവരവേ മേല്പട്ടസ്ഥാനത്തേക്ക് വിളിക്കപ്പെടുകയും പടിപടിയായി ഉയർന്ന് സഭയുടെ അത്യുന്നത പദവിയിലെത്തിച്ചേരുകയും ചെയ്തിരിക്കുന്ന പ. പൗലൂസ് ദ്വിതീയൻ ബാവയ്ക്ക് കാലത്തിന്റെ സ്പന്ദനമറിഞ്ഞ് ദൈവഹിതാനുസരണം സഭയെ നയിക്കുവാൻ കൃപ നല്കണമേയെന്ന് ആയിരം ആയിരം വിശ്വാസികളോടൊപ്പം നമുക്കും പ്രാർത്ഥിക്കാം. ■

## ഇളംകുളം മാർ ഗ്രീഗോറിയോസ് ചാപ്പലിൽ പ: പരുമല തിരുമേനിയുടെ പെരുന്നാളാഘോഷം (23 - 10 - 2010)







# കുടുംബ വിശേഷങ്ങൾ



എറണാകുളം YMCA നടത്തിയ ഇന്റർ സണ്ടേസ്കൂൾ മത്സരങ്ങളിൽ ലളിതഗാനത്തിന് ഒന്നാം സ്ഥാനം കരസ്ഥമാക്കിയ ഫേബാ റീന ജോർജ്ജ്.

## വിശേഷദിവസങ്ങൾ

**നവംബർ**

8 തിങ്കൾ : പ. ബസ്സേലിയോസ് മാർത്തോമാ മാത്യൂസ് പ്രഥമൻ ബാവയുടെ ഓർമ്മ (ദേവലോകം).

14 ഞായർ : സ്കറിയായോടുള്ള അറിയിപ്പിന്റെ ഞായറാഴ്ച.

21 ഞായർ : വി. ദൈവമാതാവിനോടുള്ള അറിയിപ്പിന്റെ ഞായറാഴ്ച.

24 ബുധൻ : പഴയ സെമിനാരി സ്ഥാപകൻ പുലിക്കോട്ടിൽ മാർ ദീവന്നാസിയോസ് തിരുമേനിയുടെയും ഡോ. പൗലോസ് മാർ ഗ്രീഗോറിയോസ് തിരുമേനിയുടെയും ഓർമ്മ (പഴയ സെമിനാരി).

28 ഞായർ : ഏലിശ്ബായുടെ അടുക്കലേക്കുള്ള മറിയാമിന്റെ യാത്രയുടെ ഞായറാഴ്ച.

**ഡിസംബർ**

1 ബുധൻ : ഇരുപത്തഞ്ചു നോമ്പാരംഭം.

5 ഞായർ : യൂഹാനോൻ മാംദാനയുടെ ജനനത്തിന്റെ ഞായറാഴ്ച.



ഡിസ്ട്രിക്ട്തല സഹപാഠ്യ മത്സരങ്ങളിൽ കൂടുതൽ പോയിന്റ് നേടി ചാമ്പ്യൻഷിപ്പ് കരസ്ഥമാക്കിയ സെന്റ് മേരീസ് സണ്ടേസ്കൂൾ വിദ്യാർത്ഥികൾ ബഹു. അച്ചന്മാരോടും, അദ്ധ്യാപകരോടും ഒപ്പം.



സണ്ടേ സ്കൂൾ ഭദ്രാസനതല മത്സരങ്ങളിൽ ചാമ്പ്യൻഷിപ്പ് കരസ്ഥമാക്കിയ സിറിൽ ഫിലിപ്പ് ചാക്കോ, ക്രിസ്റ്റീന മറിയം ചാക്കോ, ശിൽപ മേരി ജിജി, സ്നേഹ മേരി ജിജി, മിഥുൻ റോമിയോ, മേഘ റോമിയോ എന്നീ വിദ്യാർത്ഥികൾ ബഹു. അച്ചന്മാരോടും, അദ്ധ്യാപകരോടും ഒപ്പം.

## അഭിനന്ദനങ്ങൾ



സ്റ്റീൽ ഇൻഡസ്ട്രീസ് ഓഫ് ഇന്ത്യയുടെ നാഷണൽ മെമ്പർ ആയി തിരഞ്ഞെടുക്കപ്പെട്ട കത്തീഡ്രൽ ഇടവകാംഗമായ സോണി ജോബ്.



നമ്മുടെ ഇടവകാംഗമായ ശ്രീമതി. ഷെർലി ചാക്കോയെ എറണാകുളം YWCA യുടെ 2010-11 ലെ പ്രസിഡണ്ടായി തിരഞ്ഞെടുത്തു. ശ്രീമതി ഷെർലി ചാക്കോ ഡോ. കെ.ഐ. ചാക്കോയുടെ ഭാര്യയും, സാമൂഹ്യ പ്രവർത്തകയുമാണ്.

## വിവാഹം



പൂണിത്തുറ കിഴക്കേമുളക്കൽ ശ്രീ. കോശി ജോണിന്റെയും ശ്രീമതി ശാന്ത ജോണിന്റെയും മകൻ ജോൺ കെ. ജോണും കോട്ടപ്പടി നാഗഞ്ചേരി എരുമല ശ്രീ. ഇ.ജെ. ജോണിന്റെയും ശ്രീമതി ഏലിയാമ്മ ജോണിന്റെയും മകൾ ബിൻസിയും 17-10-2010ൽ വൈറ്റില സെന്റ് ഗ്രീഗോറിയോസ് പള്ളിയിൽ വിവാഹിതരായി.



പനമ്പിള്ളി നഗർ ചീരൻ വീട്ടിൽ ശ്രീ സഖറിയ ജോണിന്റെയും ശ്രീമതി ടെസ്സി സഖറിയയുടെയും മകൾ റിയ സഖറിയ ചീരനും കോടനാട് ചെറ്റക്കുളത്തിൻകര ശ്രീ ജോമി മാത്യുവിന്റെയും ശ്രീമതി ലില്ലി ജോമിയുടെയും മകൻ മാത്യൂസ് ജോമിയും 31-10-2010ൽ ആലുവ തൃക്കുന്നത്ത് സെമിനാരി ചാപ്പലിൽ വിവാഹിതരായി.

*വധൂവരന്മാർക്ക് മംഗളാശംസകൾ!*

## നിര്യാതരായി



എറണാകുളം സൗത്ത് കർഷക റോഡ് പൂപ്പാറയിൽ ശ്രീമതി മറിയാമ്മ വർഗ്ഗീസ് (75) 20-10-2010 ൽ നിര്യാതയായി. 21-10-10 ൽ ചിറ്റൂർ റോഡ് സെമിത്തേരിയിൽ അടക്കം ചെയ്തു. പരേത, മാനേജിങ് കമ്മറ്റിയംഗം ഏലിയാസ് പി. വർഗ്ഗീസിന്റെ മാതാവാണ്.



എറണാകുളം കച്ചേരിപ്പടി കാടത്തേത്ത് ശ്രീമതി ഫ്ളോറി ചെറിയാൻ (79) 23-10-2010 ൽ നിര്യാതയായി. 25-10-2010 ൽ ചിറ്റൂർ റോഡ് സെമിത്തേരിയിൽ അടക്കം ചെയ്തു.

*ആദരാഞ്ജലികൾ*

SPONSORED BY:
The Muthoot Group
A Muthoot M George Enterprise | Since 1887

Editorial Board: P.T. John, K.K. George (94470 40484),Mammen Abraham & Suma Mathew. Design: Cornet, Cochin
**Edited & Published by:** K.K. George for **St. Mary's Orthodox Cathedral, Ernakulam. Phone : 0484-2352490,**
***Website: www.stmarysorthodoxcathedralekm.org Email: georgekaithayil@yahoo.com***

***For Private Circulation only***